# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JUNE 2024. ₹5.00

VOL. 07 - ISSUE NO. 13 - DATE OF PUBLICATION 25TH JUNE, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## ചരക്കു ഗതാഗത രംഗത്ത് പുതിയ ചുവടുവയ്പ്പിനൊരുങ്ങി കേരളം

### ലോജിസ്റ്റിക്സ് പാർക്ക് നയത്തിന്റെ (2024) കരട് രൂപം പ്രസിദ്ധീകരിച്ചു





# Unleash your vision, Kerala's industrial landscape awaits

Invest Kerala
NATURE.PEOPLE.INDUSTRY.
KSIDC

**Ready to launch your Industrial dream in Kerala? KSIDC is your Catalyst!!**

The Kerala State Industrial Development Corporation, is not just a financial institution, it's your partner in progress. We offer a comprehensive suite of services to nurture and fuel your industrial ambitions in Kerala

INDUSTRIAL PROMOTION | INVESTMENT FACILITATION | PROJECT FINANCING
INDUSTRIAL GROWTH CENTERS & SECTORAL SPECIFIC PARKS | EASE OF DOING BUSINESS INITIATIVES & K-SWIFT
PROJECT IDENTIFICATION AND DEVELOPMENT | SINGLE WINDOW CLEARANCE
FACILITATION FOR STARTING NEW VENTURES | STARTUP & SCALE UP FUNDING
WOMEN ENTREPRENEURSHIP FUNDING

Visit our website or contact us today to unlock your industrial potential in Kerala!

TOLL FREE 1800 890 1030

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road, Kowdiar, Thiruvananthapuram-695003
Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram, Kozhikode – 673 001
Phone No: 0471-2318922, 0484-2323010 | enquiry@ksidcmail.org | www.ksidc.org



**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. 94963 60300
kssiastate@gmail.com, www.kssia.com



**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. 94477 10078
nazwoodind@gmail.com

**General Secretary**
P.J. Jose
Cochin. 98460 53553
info@manoramasalescorporation.com

**State Vice Presidents**
A. Fasiludeen
Trivandrum. 94007 04000
fthoppil@yahoo.com

Abraham Kuriakose
Kottayam. 94470 43445
perfectcorp@yahoo.com

A.V. Sunilnath
Kozhikode. 93497 44145
sunilnath@walkaroogroup.com

**State Treasurer**
Joseph Paikada
Kannur. 94972 24422
josephpaikada@gmail.com

**State Joint Secretaries**
V.K. Harilal
Alappuzha. 98472 30058

George Mundakkal
Wayanad. 94472 95110

B. Jayakrishnan
Thodupuzha. 94473 30569

**Editorial Board**

**Chief Editor**
S. Salim
Kollam, 93873 05751
md@unicornplywoods.com

**Members**
A. Nizarudeen ..... 94477 10078
P. J. Jose.............. 98460 53553
Rajesh. G ........... 98957 03837
Thomas Mathew.. 94470 46411



**Printer & Publisher**
K.P. Ramachandran Nair
94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. 0484-2559701, 2558538


## ഉള്ളടക്കം


- നാടിന്റെ വികസനത്തിൽ വ്യവസായികളുടെ പങ്ക്...... 03
- കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ദോഷകരമായി വന്ന കവറേജ് ഏരിയ മാറ്റങ്ങളും അമിതമായ ഫീസ് നിരക്കും പുനഃ പരിശോധിക്കണം .................. 05
- കെ.സ്വിഫ്റ്റ് മുഖാന്തിരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പിന്നീട് ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ടാകണം ............. 07
- കേരള ഹൈക്കോടതി 04.06.2024–ൽ പുറപ്പെടുവിച്ച ജി.എസ്.ടി. യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമായി സംബന്ധിച്ച ജഡ്ജ്മെന്റിനെക്കുറിച്ച് അഡ്വ. കെ.എസ്. ഹരിഹരന്റെ പ്രതികരണം ............09
- മറൈൻ ഇൻഷുറൻസ്............................................ 11
- ജയകുമാർ എന്ന സംരംഭകന്റെ വിജയഗാഥ............. 12
- പി.എം.ഇ.ജി.പി. പുതുസംരംഭകർക്ക് ഏറ്റവും മികച്ച വായ്പ പദ്ധതി ............................... 14
- വ്യവസായ കേരളത്തിന് കരുത്തേകാൻ പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം .................................. 16
- വൈദ്യുതി മേഖലയിൽ നേരിടുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും .......................... 18
- ജില്ലാ വാർത്തകൾ............................................. 20
- ഗവൺമെന്റ് ഓർഡർ............................................ 22



www.kssia.com
**KSSIA NEWS**
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION JUNE 2024 ₹ 5.00


## എഡിറ്റോറിയൽ

# നാടിന്റെ വികസനത്തിൽ വ്യവസായികളുടെ പങ്ക്



ഒരു ദേശത്തിന്റെ വികസനത്തിന് ധന വരുമാന വഴികൾ സുഗമമാക്കുക എന്നത് സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. കാരണം സകല വികസന പ്രവർത്തനങ്ങളും നടന്നു പോകുന്നത് സമ്പത്തിന്റെ ബലം കൊണ്ട് മാത്രമാണ്.

വിദ്യാഭ്യാസം, ആരോഗ്യം, യാത്രാസൗകര്യങ്ങൾ, ആതുരസേവനം, പരിരക്ഷ തുടങ്ങിയ എല്ലാത്തിനും പണം കൂടിയേ കഴിയൂ. പഴയ കർഷക പ്രമാണിത്തം കേരളത്തിൽ നഷ്ടപ്പെട്ടു കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളെ പോലെ വൻകിട കൃഷിയിടങ്ങളോ സ്ഥല വിസ്തൃതി വേണ്ടുന്ന വൻകിട വ്യവസായങ്ങളോ സാധ്യമല്ലാത്ത സാഹചര്യമാണ് ഇന്ന് കേരളത്തിന്റേത്. ഭൂമിയുടെ പരിമിതിയും ജനസാന്ദ്രതയും വലിയ പ്രോജക്ടുകൾക്ക് തടസ്സമാണ്.

മാത്രമല്ല, ഉദ്യോഗസ്ഥ ശമ്പളവും പെൻഷനും, വിവിധ പെൻഷനുകളും, മറ്റ് സാമൂഹ്യസേവനങ്ങളും മറ്റ് ചിലവുകളും ഒക്കെയായി വലിയ ഒരു തുക സർക്കാർ ചിലവഴിക്കേണ്ടതായിട്ടുണ്ട്. അത് സർക്കാരിന്റെ കടമയുമാണ്.

വ്യവസായത്തെ പ്രോൽസാഹിപ്പിക്കുകയും അതിനായി വ്യവസായികളെ സഹായിക്കുകയും ചെയ്യാൻ സർക്കാർ മുൻകൈയെടുക്കുന്നത് നന്നായിരിക്കും. പുതിയ വ്യവസായങ്ങളും അവ സുഗമമായി നടത്തിപ്പിനുള്ള സാഹചര്യങ്ങളുമൊരുക്കുക. കേരള സർക്കാരും ജനങ്ങളും അവർ ഉപയോഗിക്കുന്ന സാധനങ്ങളിൽ, കേരളോൽപ്പന്നങ്ങൾക്ക് മുൻഗണന കൊടുക്കുക. സത്യത്തിൽ അതു മാത്രമേ ഉപയോഗിക്കു എന്ന് തീരുമാനിച്ചാൽ, ഉൽപാദനം കൂടുകയും ക്രയവിക്രയങ്ങൾ വർധിക്കുകയും തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും ഖജനാവിൽ പണം വരുകയും ചെയ്യും.

വ്യവസായമെന്നത് ഒരു വ്യക്തിയുടെ ലാഭത്തിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല. അവ ദേശവികസനവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ജനങ്ങളും സർക്കാരും മാത്രമല്ല അതുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരും, ട്രേഡ് യൂണിയൻ പ്രവർത്തകരും പരിസരവാസികളും ഒക്കെ വ്യവസായം ദേശത്തിന്റെ ആവശ്യമാണെന്ന കാഴ്ചപ്പാട് പുലർത്തുന്നത് നന്നായിരിക്കും.

**എസ്. സലിം**
**ചീഫ് എഡിറ്റർ**








# കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ദോഷകരമായി വന്ന കവറേജ് ഏരിയ മാറ്റങ്ങളും അമിതമായ ഫീസ് നിരക്കും പുന: പരിശോധിക്കണം

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

സംസ്ഥാനത്തിലെ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നിയമ സാധുത നല്കുന്നതിന് കേരള മുനിസിപ്പൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവായി. ചെറുകിട വ്യവസായങ്ങൾ പ്രത്യേകിച്ച് സോമിൽ, പ്ലൈവുഡ്, ഫർണിച്ചർ തുടങ്ങിയ മേഖലകൾക്ക് വളരെ സഹായകരവും തങ്ങളുടെ സ്ഥാപനങ്ങൾ സുഗമമായി നടത്തി കൊണ്ട് പോകുന്നതിന് തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാകുമെന്ന ആശ്വാസത്തോടെയാണ് ഈ മേഖല നോക്കി കാണുന്നത്. വ്യവസായം തുടങ്ങിയതിനു ശേഷം തന്റെ സ്ഥാപനം വിപുലികരിക്കുന്നതിനും അസംസ്കൃത സാധനങ്ങളും ഉല്പന്നങ്ങളും സൂക്ഷിക്കുന്നതിനും സ്ഥാപനത്തിന്റെ കെട്ടിടം വിപുലീകരിച്ച് പ്രവർത്തനം നടത്തി വരുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. ഒരു പക്ഷെ നിയമാനുസൃതമായ അനുമതിയോടെ ആയിരിക്കുകയില്ല ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത്. ഇങ്ങനെയുള്ള കെട്ടിടങ്ങൾക്ക് നിയമ പരിരക്ഷ നല്കുന്നതിന് ദീർഘ വീക്ഷണത്തോടു കൂടി കെട്ടിട ഉടമകൾക്ക് അനുകൂലമായ വ്യവസ്ഥകളുള്ള നിയമ നിർമ്മാണമായിട്ടാണ് വ്യവസായ മേഖല സന്തോഷത്തോടെ ഈ നടപടിയെ സ്വീകരിച്ചത്.

എന്നാൽ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള 2024 ലെ പുതിയ ചട്ടങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഫീസ്, കോമ്പൗണ്ടിംഗ് ഫീസ്, തുടങ്ങിയ ഇനങ്ങളിൽ ഭീമമായ തുക അടക്കേണ്ടി വരും. അതുപോലെ കവറേജ് ഏരിയായിലുള്ള വ്യതിയാനങ്ങളും കെട്ടിട ഉടമകൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തങ്ങൾക്ക് നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്തും, വ്യവസ്ഥകൾ ലഘൂകരിച്ചും നല്ലൊരു വ്യവസായ അന്തരീക്ഷം സംജാതമാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ കെട്ടിട നിർമ്മാണ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുമ്പോൾ വ്യവസായ മേഖല അനുഭവിച്ചു കൊണ്ടിരിക്കുന്ന ഗുണകരമായ വ്യവസ്ഥകൾ എടുത്തുകളഞ്ഞാൽ



അത് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. 2011 മുതൽ 2024 വരെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ വ്യത്യസ്തങ്ങളായ ഭേദഗതികൾ ഇതിന് ഉദാഹരണങ്ങളാണ്. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് 2024 ചട്ടങ്ങളും വ്യവസ്ഥകളും വ്യവസായ മേഖലയ്ക്ക് ദോഷകരമാണെന്ന് മാത്രമല്ല കെട്ടിട ഉടമകൾക്കും ഉദ്യോഗസ്ഥർക്കും ആശയക്കുഴപ്പമുണ്ടാക്കുന്ന സങ്കീർണ്ണമായ വ്യവസ്ഥകളുമാണുള്ളത്.

ത്രിതല പഞ്ചായത്ത് രാജ് സംവിധാനം 24.03.1994 മുതൽ കേരളത്തിൽ നടപ്പിലാക്കി. പിന്നീട് ആക്റ്റ് 13 ഓഫ് 1999 ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് നിയമം സെക്ഷൻ 235A. മുതൽ 235 (z) 235 (AA) 235 (AB) എന്നിങ്ങനെയുള്ള വകുപ്പുകൾ പ്രകാരം കെട്ടിട നിർമ്മാണ നിയന്ത്രണത്തിൽ വഴിയൊരുക്കിയെങ്കിലും ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രമായി കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾ 2011 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ഇതിനിടയിലുള്ള കാലയളവിൽ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ഗ്രാമ പഞ്ചായത്തുകളിൽ ബാധകമാക്കിയത്. ഒരു അനധികൃത നിർമ്മാണ ആക്റ്റിലോ ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നില്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഫീസ് ഈടാക്കി അവ ക്രമവൽക്കരിക്കാവുന്നതാണെന്ന് KRR Act സെക്ഷൻ 235 (w) (iii) പ്രകാരം വ്യക്തമാക്കുന്നുണ്ട്. കൂടാതെ സെക്രട്ടറിയ്ക്ക് ക്രമവൽക്കരിക്കുവാൻ അധികാര മില്ലാത്ത കേസുകളിൽ സർക്കാർ നിർണ്ണയിച്ച പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കി പ്രസ്തുത അനധികൃത നിർമ്മാണം ക്രമവൽകരിക്കാവുന്നതാണ്. എന്നാൽ ഇപ്ര കാരമുള്ള അധികാരങ്ങളിൽ ഒന്നും ഇത്തരം അനധികൃത നിർമ്മാണങ്ങൾ തുടക്കത്തിൽ തന്നെ കണ്ടു പിടിക്കാനും തടയുവാനും അനുയോജ്യമായ നിയമനടപടികൾ സ്വീകരി ക്കുവാനും സെക്രട്ടറിക്കുള്ള ചുമതലയിൽ നിന്നും മോചനം നല്കുന്നില്ലയെന്ന് ചട്ടം 134-ൽ വ്യക്തമാക്കുന്നുണ്ട്. ഈ സുപ്രധാന ചുമതല പഞ്ചായത്തുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കാര്യക്ഷമതയോടെ നിർദ്ദേശിച്ചാൽ തന്നെ പ്രശ്നങ്ങൾ കുറെ ഒഴിവാകും.

നിലവിൽ 2024ലെ പുതിയ ഉത്തരവ് പ്രകാരം ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് ഭീമമായ തുക അടച്ച് കൊണ്ട് ക്രവൽക്കരിക്കുന്നതിനോ വ്യവസായം നടത്തുന്നതിനോ സാധിക്കുകയില്ല. ഈ ഉത്തരവിന് മുമ്പ് സ്ക്വയർ മീറ്ററിന് 2000 രൂപ ആയിരുന്നത് ഇപ്പോൾ 7500 രൂപ യായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അത് പോലെ തന്നെ പുതിയ ചട്ടങ്ങൾ പ്രകാരം കവറേജ് ഏരിയ നിശ്ചയിച്ചത് തന്നെ അശാസ്ത്രീയവും ചെറുകിട വ്യവസായികൾക്ക് ദോഷകരവുമാണ്. 35% കവറേജ് ഏരിയ എന്നതിൽ മാറ്റം ഉണ്ടാകേണ്ടതുണ്ട്.

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മഹാരാജ് പ്ലൈ ആന്റ് ബോർഡ് എന്ന ചെറുകിട വ്യവസായ സ്ഥാപനത്തിന് കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നല്കിയ അപേക്ഷയിൽ കോമ്പൗണ്ടിംഗ് ഫീസായി 8,76,750 രൂപ അടക്കാനുള്ള നോട്ടീസാണ് ലഭിച്ചിരിക്കുന്നത്. ഇത്രയും ഭീമമായ തുക അടക്കാൻ ചെറുകിട വ്യവസായ സ്ഥാപനമായ പ്രസ്തുത യൂണിറ്റിന് സാധിക്കുകയില്ല. ഇത് ഒരു ഉദാഹരണം മാത്രമാണ്.

2024 ൽ ഇറക്കിയ അനധികൃതമായ കെട്ടിടങ്ങൾ ക്രമ വൽക്കരിക്കുന്നതിനുള്ള നിയമവും ചട്ടങ്ങളും സംസ്ഥാന മൊട്ടുക്ക് ബാധകമാകുന്നതുകൊണ്ട് സംസ്ഥാനത്തിലെ ഇത്തരത്തിലുള്ള ചെറുകിട വ്യവസായികളെ വളരെ ദോഷകര മായി ബാധിക്കും. ഇത് സംസ്ഥാനത്ത് നിലനിൽക്കുന്ന സൗഹൃദ വ്യവസായ അന്തരീക്ഷത്തിന് കോട്ടം തട്ടുകയും ചെയ്യും.

പുതിയ 2006 ലേയും, 2024 ലേയും കേരള പഞ്ചായത്ത് ബിൽഡിംഗ് ആക്റ്റ് ഉത്തരവിൽ എം.എസ്.എം.ഇ. ആക്റ്റിൽ വരുന്ന കെട്ടിടങ്ങൾക്ക് നികുതി കുറയ്ക്കണമെന്ന കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ബിൽഡിംഗ് റൂൾ റഗുലറൈസ് ചെയ്യുമ്പോൾ എം.എസ്.എം.ഇ. ആക്റ്റിൽ വരുന്ന കെട്ടിടങ്ങൾക്ക് നികുതി കുറച്ച് കൊടുക്കാനുള്ള പരിഗണന കൊടുക്കണം. അങ്ങനെ ചെയ്യുമ്പോൾ വ്യവസായ മേഖലയ്ക്കും സമൂഹത്തിനും ഇത് വളരെ ഗുണകരവും സഹായകരവുമായിരിക്കും. ആയതുകൊണ്ട് ഈ കാര്യം കൂടി ബിൽഡിംഗ് റൂൾ റഗുലറൈസ് ചെയ്യുമ്പോൾ സർക്കാർ പരിഗണിക്കാനുള്ള നടപടി സ്വീകരിക്കണം.

മേൽ പറഞ്ഞ വസ്തുതകൾ അനുഭാവപൂർവ്വം കണക്കിലെടുത്ത് അനുമതി വാങ്ങാതെ നടത്തിയ അനധികൃത നിർമ്മിതിയുടെ ഫ്ളോർ ഏരിയായ്ക്ക് മാത്രം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്ന വ്യവസ്ഥകൾ ഉണ്ടാകണം. ഇതിന് കവർ ഏരിയ മാനദണ്ഡത്തിലും മാറ്റം വരുത്തി 2024 ലെ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഇറക്കിയ ഉത്തരവ് ഭേദഗതി ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. മേൽ പറഞ്ഞ നിർദ്ദേശം നടപ്പാക്കുകയാണെങ്കിൽ നിലവിൽ പഞ്ചായത്തുകളിൽ നികുതി അടയ്ക്കുന്നതും പൂട്ടി കിടക്കുന്നതുമായ നിരവധി വ്യവസായങ്ങൾ പുന രുദ്ധരിക്കുന്നതിനും തുറന്ന് പ്രവർത്തിക്കുന്നതിനും സാഹചര്യം ഒരുക്കും. പഞ്ചായത്തുകൾക്കും സർക്കാരിനും നികുതി ഇനത്തിലുള്ള വരുമാനവും ധാരാളം തൊഴിൽ സൗകര്യങ്ങൾ ഉണ്ടാകുന്നതിനും സഹായകരമായ നിലപാടുകൾ സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**




KSSiA NEWS
JUNE 2024



# കെ.സ്വിഫ്റ്റ് മുഖാന്തിരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പിന്നീട് ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ടാകണം

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

2019 ഡിസംബർ 07-ാം തിയതിയിലെ സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം 50 കോടി വരെ നിക്ഷേപ മുള്ള റെഡ് കാറ്റഗറി ഒഴിച്ചുള്ള സംരംഭങ്ങൾ തുടങ്ങാൻ എല്ലാ ലൈസൻസുകളിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ട്. വ്യവസായം ആരംഭിച്ച് മൂന്ന് വർഷം കഴിയുമ്പോൾ 6 മാസത്തിനുള്ളിൽ നിയമാനുസൃതമായ ലൈസൻസുകൾ എടുത്താൽ മതിയാകും. സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ നിക്ഷേപകരെയും സംരംഭകരേയും ആകർഷിക്കാൻ വളരെ സഹായകരമായ ദീർഘ വീക്ഷണത്തോടു കൂടിയുള്ള ഒരു നടപടിയായിട്ടാണ് സംസ്ഥാനത്തിലെ വ്യവസായ മേഖല നോക്കി കാണുന്നത്. ഈ ഒറ്റ നടപടി മൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും തൊഴിൽ വികസനത്തിലും ഉണ്ടാകാൻ പോകുന്ന നേട്ടങ്ങൾ എണ്ണമറ്റതാണ്. എന്നാൽ ഇങ്ങനെയൊരു നിയമത്തെ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ അറിവില്ലായ്മകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ രണ്ടോ മൂന്നോ വർഷത്തിനുശേഷം സംരംഭകൻ അനു മതിക്കു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപി ക്കുമ്പോൾ വ്യവസായം തുടങ്ങിയ അന്നു മുതൽ മുൻകാല പ്രാബല്യത്തോടു കൂടി ലൈസൻസ് ഫീസും പിഴയും ഈടാക്കാ നുള്ള ശ്രമം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്നുണ്ടെന്നുള്ള പരാതികൾ സംരംഭകരിൽ നിന്നും പൊ തുവെ ഉയർന്നു വരുന്നുണ്ട്. ഇത് സർക്കാരിന്റെ വ്യവസായ നയ ത്തിന് വിരുദ്ധവും സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് മങ്ങൽ ഏല്പി ക്കുകയും തെറ്റായ പ്രചാരണങ്ങൾക്ക് ഇടവരുകയും ചെയ്യും.




സാധാരണ ലൈസൻസിനുള്ള അപേക്ഷക്ക് അംഗീകാരം നല്കുന്ന തിയതി മുതലാണ് നിയമാനുസൃതമായ ഫീസ് നിശ്ചയിക്കുന്നത്. എന്നാൽ സർക്കാർ ഉത്തരവ് മറി കടന്ന് മുൻ കാല പ്രാബല്യം നല്കി ഫീസ് ഈടാക്കുന്നത് നിയമ വിരുദ്ധമാണ്. കെ.-സ്വിഫ്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾ പിന്നീട് ലൈസൻസിന് അപേക്ഷിക്കുന്ന തിയതി മുതൽ മാത്രമെ ലൈസൻസ് ഇനത്തിൽ ഫീസ് ഈടാക്കാൻ പാടുള്ളു എന്ന് വ്യക്തമാക്കി കൊണ്ടുള്ള ഒരു ഉത്തരവ് ഇറക്കാൻ സർക്കാർ എത്രയും വേഗം നടപടി സ്വീകരിച്ച് ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പം ഇല്ലാതാക്കണം. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**










# കേരള ഹൈക്കോടതി 04.06.2024-ൽ പുറപ്പെടുവിച്ച ജി.എസ്.ടി. യുടെ ഇൻപുട്ട് ടാക്സ് ക്രഡിറ്റുമായി സംബന്ധിച്ച ജഡ്ജ്മെന്റിനെക്കുറിച്ച് അഡ്വ. കെ.എസ്. ഹരിഹരന്റെ പ്രതികരണം




**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM

**ബഹു. കേരള ഹൈക്കോടതി 04.06.2024ൽ GST സംബന്ധമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിഷയത്തിൽ Batch-Case ന്റെ ജഡ്ജ്മെന്റ് പുറപ്പെടുവിച്ചിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത വിധി ന്യായത്തെക്കുറിച്ചു ചെറുതായി പ്രതിപാദിക്കാം.**

സർക്കുലർ നമ്പർ 183, 195 എന്നീ രണ്ട് സർകുലറുകളുടെ അടിസ്ഥാനത്തിൽ ഉള്ള സപ്ലയർമാരുടെ സത്യപ്രസ്താവന ബന്ധപ്പെട്ട അധികാരികളുടെ മുന്നിൽ ഒരു മാസത്തിനുള്ളിൽ ഫയൽ ചെയ്താൽ GST യുടെ പോർട്ടലിൽ സപ്ലയർ പ്രസ്തുത ക്രെഡിറ്റ് ഡിക്ലയർ ചെയ്തിട്ടില്ലയെങ്കിൽ പോലും സർക്കുലറിൽ പറയുന്ന പ്രാകാരമുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട അധികാരികൾക്ക് മുന്നിൽ ഹാജരാക്കിയാൽ ഡിക്ലറേഷനിൽ പറയുന്ന ആനുകൂല്യങ്ങൾ കിട്ടും എന്നുള്ളതും, സെക്ഷൻ 16 (4) ൽ സെപ്റ്റംബറിലെ റിട്ടേണുകൾ ഫയൽ ചെയ്യുന്ന സമയ പരിധി എന്ന് ഉണ്ടായിരുന്നത് നവംബർ 30–നു ഉള്ളിൽ ഫയൽ ചെയുന്ന റിട്ടേണിന് കൂടി ITC ആനുകൂല്യം ലഭിക്കും എന്നുള്ളതാണ്.

സെപ്റ്റംബർ മാസത്തെ റിട്ടേൺ എന്നുള്ളത് നവംബർ 30 എന്ന തിയതിയിലേക്കു ആക്കിയതിന് മുൻകാല പ്രാബല്യം കൂടി കൊടുത്തിട്ടുണ്ട്. അതായത്, ഏത് സാമ്പത്തിക വർഷത്തിലും സെപ്റ്റംബർ മാസത്തെ റിട്ടേണിൽ കൂടിയുള്ള വിട്ടുപോയത് കൂട്ടിച്ചേർക്കലിന്റെ Cut-Off തിയതി നവംബർ 30–നു ഉള്ളിൽ വരെ ഫയൽ ചെയുന്ന സെപ്റ്റംബറിലെ റിട്ടേണിൽ ആ ആനുകൂല്യം എല്ലാവർക്കും കിട്ടും എന്നുള്ളത് നല്ലൊരു തീരുമാനം തന്നെയാണ്. ഇവിടെ മറ്റൊരു തെറ്റ് വിധിന്യായത്തിൽ കടന്നുകൂടിയത് വരും ദിവസങ്ങളിൽ തിരുത്തും എന്നും പ്രതീഷിക്കുന്നു. എന്തെന്നാൽ, 2018 സെപ്റ്റംബർ മാസത്തെ റിട്ടേൺ സമർപ്പിക്കേണ്ട തീയതി നേരത്തെ തന്നെ നീട്ടിയിട്ടുണ്ടായിരുന്നു.

ഇതൊക്കെയാണെങ്കിലും, സെക്ഷൻ 16 (2) (c) യും സെക്ഷൻ 16 (4) ഉം ഭരണഘടനാനുസൃതം ആണ് എന്ന് കോടതി പ്രഖ്യാപിക്കുകയുണ്ടായി. വാസ്തവത്തിൽ, ബാച്ച് കേസിൽ എല്ലാ അഭിഭാഷകരും വാദിച്ചത് "These provisions are Unconstitutional" എന്നാണ്. അത് unconstitutional അല്ല എന്ന് കോടതി പറഞ്ഞു. അതേപോലെ ITC ഒരു ആനുകൂല്യം ആണ് എന്നും അതിന്റെ ആനുകൂല്യം ലഭിക്കണമെങ്കിൽ എല്ലാ നിഷ്കർഷതകളും കൃത്യമായി പാലിക്കണം എന്നും കോടതി പറഞ്ഞു. "It is an absolute right and is contingent on compliance with the prescribed statutory requirements" എന്ന് കോടതി പറഞ്ഞു.

റിട്ടേണുകൾ യഥാസമയം കൃത്യമായി പാലിക്കണം എന്നും സർക്കാരിന് റവന്യു നഷ്ടം തടയാനുള്ള ഒരു GST സിസ്റ്റത്തിന്റെ ഓപ്പറേഷന്റെ കൂടി 'ഭാഗമാണ് ITC സിസ്റ്റം എന്നും ആ വിധി ന്യായത്തിൽ പറഞ്ഞിട്ടുണ്ട്. ഈ വിധി ന്യായം കൊണ്ട് GST യുടെ ഇൻപുട്ടുമായി ബന്ധപ്പെട്ട 16(2), 16(4) എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കേസുകൾ അവസാനിക്കുന്നില്ല. പല കോടതികളും പല രീതിയിലാണ് പല സംസ്ഥാനങ്ങളിലും പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് തന്നെ അന്തിമമായി ഇത് സുപ്രീം കോടതിയിലേക്ക് എത്തുകയോ അല്ലെങ്കിൽ GST Council തന്നെ ഇതിനു ഒരു തീർപ്പ് ആക്കാനും സാധ്യതയുണ്ട്.

ഏതായാലും ഈ വിധിയുമായി ബന്ധപ്പെട്ട് ഉടനെ തന്നെ ഇതിൽ കക്ഷികൾ ആയിട്ടുള്ള ബിസിനസ്സുകാർ 3.07.2024 നു മുൻപ് സർക്കുലർ 183 ന്റെയോ 195 ന്റെയോ സത്യവാങ്മൂലം, ബന്ധപ്പെട്ട അതോറിറ്റിയുടെ മുൻപിൽ ഒരു അപേക്ഷ സഹിതം ഫയൽ ചെയ്യുക. ഈ വിധി ന്യായത്തിൽ തൃപ്തരല്ലാത്തവർ ഹൈ കോടതിയുടെ റിട്ട് അപ്പീലിലൂടെ ഡിവിഷൻ ബെഞ്ചിനെ സമീപിക്കുക, ഡിവിഷൻ ബെഞ്ചിന്റെ വിധി അനുകൂലമല്ലായെങ്കിൽ സുപ്രീം കോടതിയെയും സമീപിക്കാവുന്നതാണ്.

റിട്ടേൺ സമർപ്പിക്കേണ്ട സമയ പരിധി കഴിഞ്ഞതിനുശേഷം ഇൻപുട്ട് നികുതി റിട്ടേണിലൂടെ എടുത്തുപയോഗിച്ചവരെ സംബന്ധിച്ചുള്ള GST യിലെ പതിനാറാം വകുപ്പിന്റെ നാലാം ഉപവകുപ്പ് (Section 16(4) ഭരണഘടനാനുസൃതമാണെന്ന് കേരള ഹൈക്കോടതി പറയുമ്പോൾ, ഒരിക്കൽ കൊടുത്ത നികുതി വീണ്ടും അടക്കുന്നത് നികുതിക്ക് മേൽ നികുതിയാകില്ലേ എന്ന വാദം ഹൈക്കോടതി ചെവികൊണ്ടില്ല. അതിനാൽത്തന്നെ ബിസിനസ്സുകാർക്കു വൻ നികുതി ബാധ്യത വരുന്നു. Supreme Court ഇതേ വകുപ്പിൽ മൃതുഞ്ജയ കുമാറിന്റെ കേസിൽ (SLP No. 2870/2023) admit ചെയ്തിരിക്കുന്നതിനാലും മറ്റും കേരള ഹൈക്കോടതി യുടെ ഈ വിധി പൂർണമാണെന്ന് പറയാൻ പറ്റില്ല.. മാത്രവുമല്ല, ഡിമാൻഡ് നോട്ടീസുകളെ സമയബന്ധിതമായ റിട്ടിലൂടെ പരിഹാരം കാണാൻ ശ്രമിച്ച ബിസിനസുകാർ പുഴക്ക് നടുവിൽ മുങ്ങിത്താഴുന്ന അവസ്ഥയിലുമാകും. അതിനാൽ പ്രസ്തുത വിധിക്കെതിരെ വീണ്ടും കോടതിതന്നെ ശരണം. ■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റിയുടെ ചെയർമാനാണ് ലേഖകൻ**
9846227555, 7902443188
7907000401

# അവാർഡ് വിതരണം



കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഈ വർഷത്തെ റീസൈക്ലിംഗിനുള്ള സംസ്ഥാന തല അവാർഡ് കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ല അംഗവും, ഓറിയോൺ പോളിമർ മാനേജിങ് ഡയറക്ടറുമായ എം.പി. സൗഹൃദ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.



കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഈ വർഷത്തെ റീസൈക്ലിംഗ്നുള്ള സംസ്ഥാന തല അവാർഡ് നേടിയ നമ്മുടെ അഫിലിയേറ്റഡ് സംഘടനയുടെ അംഗവും, ഹമാര പ്ലാസ്റ്റിക്ക് പാർട്ട്ണർ ശരീഫ് സിയാദ് നിബു ബഹു. മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും അവാർഡ് ഏറ്റു വാങ്ങുന്നു.



KSSIA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advt. Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%



# മറൈൻ ഇൻഷുറൻസ്



**വിശ്വനാഥൻ ഒടാട്ട്**

### മറൈൻ ഇൻഷുറൻസിനെ രണ്ടായി തരംതിരിക്കാം.

1. മറൈൻ ഹൾ (യാത്ര ബോട്ടുകൾ, മത്സ്യബന്ധന ബോട്ടുകൾ, വിവിധതരം കപ്പലുകൾ എന്നിവ ഈ വിഭാഗത്തിൽപെടുന്നു).
2. മറൈൻ കാർഗോ കണ്ടയ്നർ (സാധന സാമഗ്രികൾ, ചരക്കുകൾ, കച്ചവട വസ്തുക്കൾ എന്നിവ മാത്രം വഹിച്ചുകൊണ്ടുപോകുന്ന ചരക്കു കപ്പൽ)

മറൈൻ കാർഗോ ഇൻഷുറൻസിൽ കയറ്റുമതിചെയ്യുമ്പോഴും ഇറക്കുമതിചെയ്യുമ്പോഴും സാധനങ്ങൾ അഥവാ ചരക്കുകൾക്ക് അപ്രതീക്ഷിതമായി ഉണ്ടായേക്കാവുന്ന തീപിടുത്തം, പൊട്ടിത്തെറി, കപ്പൽ തീരത്ത് കുടുങ്ങിപ്പോവുക, വെള്ളത്തിൽ മുങ്ങുക, കപ്പലുകൾ കൂട്ടിയിടിക്കുക, മറിയുക, തീവണ്ടി പാളംതെറ്റുക, അപകടഘട്ടങ്ങളിൽ കപ്പലിൽ നിന്നും ചരക്കുകൾ കടലിലെറിയുക, കടൽ വെള്ളം ഇരച്ചുകയറി സാധനങ്ങൾ കേടുവരിക, കയറ്റിറക്ക സമയത്തുണ്ടാവുന്ന നാശനഷ്ടങ്ങൾ മുതലായ റിസ്കുകൾക്കാണ് സംരക്ഷണം നൽകുന്നത്. കയറ്റുമതി/ഇറക്കുമതി ചെയ്യുന്നവർ മറൈൻ ഓപ്പൺ കവർ പോളിസിയാണ് സാധാരണയായി തിരഞ്ഞെടുക്കുക. ഇപ്രകാരം ഒരുവർഷത്തേക്ക് ഇൻഷുർ ചെയ്താൽ അയക്കുന്ന ചരക്കുകൾ ഇൻഷുർ ചെയ്ത തുക വരെ പണം അടക്കാതെ സ്വാഭാവികമായി ഇൻഷുർ ചെയ്ത് സംരക്ഷിക്കാനാകും. നമ്മുടെ രാജ്യത്തിനകത്ത് ചരക്കുകൾ അയക്കുന്നവർ മറൈൻ ഓപ്പൺ പോളിസിയാണ് എടുക്കുന്നത്. എപ്പോഴെങ്കിലും ഒറ്റത്തവണയായി ചരക്കുകൾ അയക്കുന്നവർക്കും അതിന്റെ വിശദ വിവരങ്ങൾ കാണിച്ച് പ്രത്യേകം പോളിസി എടുക്കാവുന്നതാണ്. ജലാശയങ്ങളിൽ കണ്ടുവരുന്ന നാടൻ തോണികൾ, ബോട്ടുകൾ, വള്ളങ്ങൾ മുതൽ കപ്പലുകൾ വരെ ഇൻഷുർ ചെയ്യുന്നത് മറൈൻ ഹൾ പോളിസികളിലാണ്. കടലിൽ നിന്നോ, ജലാശയത്തിൽ നിന്നോ ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളാണ് ഇതിൽ കവർചെയ്യുക. തീപിടുത്തം, പൊട്ടിത്തെറി, കടൽക്കൊള്ള, കപ്പൽ തീരത്ത് ഇടിക്കുക, വിമാനം/റോക്കറ്റ് എന്നിവ മൂലമുള്ള നാശനഷ്ടം, ഭൂമി കുലുക്കം, കടലിലെ തിരമാല മൂലമുള്ള നാശനഷ്ടം, ഇടിമിന്നൽ, ബോയിലർ പൊട്ടിത്തെറിച്ചുണ്ടാവുന്ന നഷ്ടങ്ങൾ, കപ്പലിലെ ജീവനക്കാരുടെ അശ്രദ്ധ മൂലമുണ്ടാവുന്ന നാശനഷ്ടങ്ങൾ എന്നിവ ഇതിൽ കവർചെയ്യുന്നുണ്ട്. കപ്പലുകൾ കൂട്ടിയിടിക്കുക, മറ്റു കപ്പലിലെ ജീവനക്കാർക്ക് ജീവഹാനി/പരിക്ക് എന്നിവ സംഭവിക്കുക എന്നിവയും ഇതിലൂടെ സംരക്ഷിക്കപ്പെടുന്നു.

കപ്പലിനു പുറമെ ഇതിൽ കൊണ്ടുപോകുന്ന സാധനങ്ങളും ഇൻഷുർ ചെയ്യാവുന്നതാണ്. നിർമ്മാണത്തിലിരിക്കുന്ന ബോട്ടുകൾ/കപ്പലുകൾ എന്നിവയും നിർമ്മാണഘട്ടത്തിൽ സംഭവിച്ചേക്കാവുന്ന റിസ്കുകളും ഇതിലൂടെ കവർ ചെയ്യാം. ഉൽപാദന മേഖല, കാർഷികമേഖല, മത്സ്യബന്ധന മേഖല, വ്യാപാരികൾ, കയറ്റുമതിക്കാർ, ഇറക്കുമതിക്കാർ എന്നിവർക്കാണ് ഇത്തരം പോളിസികൾ ഏറ്റവുമധികം ആവശ്യമായി വരുന്നത്. ഒരു കുടുംബത്തിനാകട്ടെ, വീട്ടു സാധനങ്ങൾ ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യുമ്പോൾ മറൈൻ കാർഗോ പോളിസി എടുത്ത് സംരക്ഷിക്കാവുന്നതാണ്. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ഇൻഷുറൻസ് ആണ് മറൈൻ ഇൻഷുറൻസ്. ഏറ്റവുംകുറഞ്ഞ ചിലവിൽ സാധനങ്ങൾ കൊണ്ടുപോകുമ്പോൾ അത് ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എത്തണമെന്നത് അനിവാര്യമാണ്. കൃത്യസമയത്തും, കൃത്യസ്ഥലത്തും സാധനങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കാതിരിക്കാൻ ഇത്തരം മറൈൻ പോളിസികൾ സഹായകരമായിരിക്കും. ■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മമാനേജിങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**





# ഡിസ്ക് തെർമിസ്റ്ററിൽ നിന്നും ഗ്ലാസ് ബീഡ് തെർമിസ്റ്ററിലേക്കും, ഇന്ത്യയിലെ ഏക ഡിസ്ക്, ചിപ്പ് തെർമിസ്റ്റർ നിർമ്മാതാക്കളിലേക്കുള്ള ഒരു സംരംഭകന്റെ വിജയഗാഥ...

## ജയകുമാർ






മഹീന്ദ്ര ആന്റ് മഹീന്ദ്രയും, ബജാജ് മോട്ടോഴ്സും, ആംപിയറും, ഓല എലെക്ട്രിക്കും, അവരുടെ ഫ്യൂച്ചറിസ്റ്റിക്കായ ഇലക്ട്രിക് വാഹനങ്ങളിലെ തെർമിസ്റ്ററിനായി (താപനിലയ്ക്ക് അനുസൃതമായി വൈദ്യുതി പ്രതിരോധത്തിന്റെ മൂല്യത്തിന് വ്യതിയാനം വരുന്ന തരത്തിൽ തയ്യാറാക്കപ്പെട്ട ഇലക്ട്രോണിക് ഘടകം) തേടി വരുന്ന ഒരു സ്ഥാപനമുണ്ട്. തൃശൂരിലെ കോലഴിയിൽ കെമിക്കൽ എൻജിനിയറും ടെക്നോക്രാറ്റുമായ എം.എം. ജയകുമാർ തുടക്കമിട്ട Sowparnika Thermistors & Hybrids Pvt Ltd (STH). വോൾവോയുടെ ട്രക്കിൽ മുതൽ വി-ഗാർഡ് സ്റ്റെബിലൈസറുകൾ വരെ സൗപർണികയിൽ നിന്നുള്ള ഈ കുഞ്ഞൻ തെർമിസ്റ്ററുകളുണ്ട്. ഇന്ന് ഇന്ത്യയിലെ ഏക ഡിസ്ക്, ചിപ് തെർമിസ്റ്റർ നിർമ്മാതാക്കളാണ് എസ്.റ്റി.എച്ച്. വടക്കേ അമേരിക്ക, ലക്സംബർഗ്, മെക്സിക്കോ, അർജന്റീന, ബ്രസീൽ, ടർക്കി, ഇറാൻ, ഇറ്റലി, ചൈന എന്നിവിടങ്ങളിലെല്ലാം തെർമിസ്റ്ററുകൾ കയറ്റുമതി ചെയ്യുന്ന ഈ യൂണിറ്റിനെ തേടി 2015-16 ലെ സംസ്ഥാന സർക്കാരിന്റെ ബെസ്റ്റ് എന്റർപ്രെണർ അവാർഡ് എത്തി. കെൽട്രോണിലെ സുരക്ഷിതമായ ജോലി വിട്ടെറിഞ്ഞ് ഒട്ടനവധി പ്രതിബന്ധങ്ങൾ, നീന്തിക്കയറിയ ജയകുമാറിന്റെ ക്ഷമാപൂർവ്വമായ പരിശ്രമിങ്ങൾക്കുള്ള അംഗീകാരം കൂടിയായിരുന്നു ഈ പ്രഥമ പുരസ്ക്കാരം.







### ഊതിക്കാച്ചിയ മികവ്

തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനിയറിങ്ങ് കോളേജിൽ നിന്ന് കെമിക്കൽ എഞ്ചിനിയറിംഗ് ബിരുദം നേടിയ ജയകുമാറിന് സംരംഭകത്വമെന്നത് ഏറെ അപരിചിതമായ കാര്യമായിരുന്നു. 1980-ൽ കെൽട്രോണിൽ ജോലിയിൽ പ്രവേശിച്ച ജയകുമാർ 1994 ൽ സ്വന്തമായൊരു പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ ജോലി ഉപേക്ഷിച്ചു. ഇന്ത്യയിൽ കാര്യമായി ഉല്പാദനമില്ലാത്ത, പ്രാദേശിക ആവശ്യത്തിനുള്ളവ കൂടി ഇറക്കുമതി ചെയ്യപ്പെടുന്ന, എന്നാൽ ഭാവിയിൽ വലിയ സാധ്യതകളുണ്ടാകുമെന്ന് ഉറപ്പുള്ള തെർമിസ്റ്ററുകൾ നിർമിക്കുന്ന യൂണിറ്റ് സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. അന്ന് ഈ രംഗത്ത് കെൽട്രോണിൽ, ഗവേഷണങ്ങൾ പുരോഗമിക്കുന്നതേയുണ്ടായിരുന്നുള്ളൂ. കൊച്ചി ആസ്ഥാനമാക്കി നിള ടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് രൂപം നല്കിയത് അങ്ങനെയാണ്.

ഭാവിയിൽ ഒട്ടനവധി രംഗങ്ങളിൽ, തെർമിസ്റ്ററുകൾ ഉപയോഗിക്കപ്പെടുമെന്ന തിരിച്ചറിവിൽ നിന്നാണ് ഈ രംഗത്തെ ബിസിനസ് സാധ്യതകൾ പ്രയോജനപ്പെടുത്താൻ ജയകുമാർ മുമ്പേ നടന്നത്. രാജ്യത്തെ മുൻ നിര കമ്പനികളിലേക്ക് കടന്നെത്താൻ എളുപ്പവഴികളൊന്നും ജയകുമാറിന് മുന്നിൽ ഉണ്ടായിരുന്നില്ല. കെൽട്രോണിൽ ജോലി ചെയ്യവേ അവിടത്തെ ഒരു സി.ഇ.ഒ. പ്രികോൾ എന്ന കമ്പനി തെർമിസ്ററുകൾ സ്വീകരിച്ചാൽ അത് ഗുണമേന്മയ്ക്കുള്ള ഏറ്റവും വലിയ അംഗീകാരമാണെന്ന് ഒരിക്കൽ അഭിപ്രായപ്പെട്ടിരുന്നു. അന്നേ അദ്ദേഹം അത് മനസ്സിൽക്കുറിച്ചു, സ്വന്തമായി സംരംഭം തുടങ്ങിയപ്പോൾ മുന്നിൽ കണ്ട ആദ്യ ഉപഭോക്താവ് പ്രികോളായിരുന്നു. തെർമിസ്റ്റർ നിർമ്മിച്ച് അതുമായി പ്രീകോളിനെ സമീപിച്ചു. അവരുടെ കർശനായ പരിശോധനകളിൽ ഗുണമേന്മ തെളിയിക്കപ്പെട്ടു. പ്രികോളിനെ ഉപഭോക്താവായും ലഭിച്ചു. നല്ല ഗുണമേന്മയുള്ള ഉത്പന്നം നിർമിച്ചാൽ നമ്മെ തേടി എവിടെ നിന്നായാലും ഉപഭോക്താക്കൾ വരുമെന്ന വിശ്വാസം അന്നും ഇന്നുമുണ്ട് എന്ന് ജയകുമാർ പറയുന്നു. മികച്ച ഒരു ആശയത്തെ ഉയർച്ചയിലേക്കു വളർത്താൻ മികച്ച ഒരു ടീമിനേയും മികച്ച ഒരു പ്രവർത്തന സംവിധാനത്തെയും രൂപികരിക്കേണ്ട ആവശ്യം ജയകുമാർ പ്രാവർത്തികമാക്കിയതിന്റെ വിജയമാണ് എസ്.ടി.എച്ച്. എന്ന് ഉറപ്പിച്ചു പറയാം.

10 വർഷത്തോളം നിള ടെക്കിനെ മുന്നോട്ടു കൊണ്ടു പോയ ജയകുമാർ പിന്നീട് ബിസിനസ് പങ്കാളികൾക്ക് അത് കൈമാറി സ്വന്തമായി ആരംഭിച്ച സംരംഭമാണ് എസ്.റ്റി.എച്ച്. കെൽട്രോണിൽ സഹപ്രവർത്തകനായിരുന്ന ഗംഗാധരൻ നമ്പൂതിരിയെയും മറ്റ് ഓഹരി പങ്കാളിയെയും ഉൾപ്പെടുത്തി 2004 ൽ തുടങ്ങിയ സംരംഭം എസ്.റ്റി. എച്ച് 2007 ൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാക്കി. അന്നു മുതൽ എസ്.ടി.സി. തെർമിസ്റ്റർ, ടെമ്പറേച്ചർ സെൻസർ മാന്യുഫാക്ചറിംഗ് രംഗത്ത് ഗവേഷണ മികവിന്റെ കരുത്തിൽ വഴിമാറി നടക്കാൻ തുടങ്ങി. എസ്.റ്റി.എച്ച്. ജാപ്പനീസ് കമ്പനിയുമായി പങ്കാളിത്തമുള്ള പ്രികോളുമായുള്ള ബന്ധം ലോകോത്തര നിലവാരമുള്ള സിസ്റ്റവും നടപടിക്രമങ്ങളും നടപ്പാക്കാൻ എസ്.റ്റി.എച്ച്. നെ സഹായിച്ചു.

കോയമ്പത്തൂരിൽ STH SENSORS Pvt. Ltd. എന്ന നിർമ്മാണ യൂണിറ്റും കമ്പനിക്കുണ്ട്. 2020-ൽ നിള ടെക്കിനേയും പിന്നീട് എസ്.റ്റി. എച്ച് . ഏറ്റെടുത്തു. അതോടെ തൃശ്ശൂരിൽ കോലഴി, എറണാകുളത്ത് ഇരുമ്പനം, തമിഴ്നാട്ടിൽ കോയമ്പത്തൂർ എന്നിങ്ങനെ മൂന്നിടത്ത് നിർമ്മാണ യൂണിറ്റുകളായി, എസ്.റ്റി.എച്ച്. മാതൃ സ്ഥാപനവും നിള ടെക്കും, എസ്.റ്റി.എച്ച് സെൻസേഴ്സും അനുബന്ധ കമ്പനികളുമായി ഇപ്പോൾ നിലകൊള്ളുന്നു.

നിരന്തര ഗവേഷണത്തിലൂടെയാണ് എസ്.റ്റി.എച്ച്, എൻ.ടി.സി. തെർമിസ്റ്റേഴ്സ് നിർമ്മാണ രംഗത്ത് മുൻനിരക്കാരായത്. ഇതോടൊപ്പം ഗുണമേന്മയിൽ, രാജ്യാന്തര സർട്ടിഫിക്കേഷനുകളും കമ്പനി സ്വന്തമാക്കി. ഐ.എസ്.ഒ. സർട്ടിഫിക്കേഷനും, ഇന്റർനാഷണൽ ഓട്ടോമോട്ടീവ് ടാസ്ക് ഫോഴ്സിന്റെ ഏറ്റവും ഉയർന്ന സർട്ടിഫിക്കേഷൻ ആയ IATF 16949/2016 എസ്.റ്റി. എച്ചിനുണ്ട്. വാഹന നിർമ്മാണ കമ്പനികൾക്കും അവർക്കു വേണ്ട സാമഗ്രികൾ ഉത്പാദനം ചെയ്യുന്ന സ്ഥാപനങ്ങൾക്കും ഈ സർട്ടിഫിക്കേഷൻ വളരെ നിർബന്ധമാണ്. ഇതില്ലാതെ അവർ ഉത്പന്നങ്ങൾ വാങ്ങിക്കുകയില്ല. ഗുണമേന്മ സിസ്റ്റങ്ങളുടെ അംഗീകാരമായി 2022 ൽ എം.എസ്.എം.ഇ. ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെഡ് ഗോൾഡ് (സീറോ ഡിഫെക്റ്റ് സീറോ ഇഫക്റ്റ്) സർട്ടിഫിക്കേഷൻ ലഭിക്കുകയുണ്ടായി. ആ വർഷം അത് കേരളത്തിലെ മൂന്നാമതും, ഭാരതത്തിലെ 22-ാമത് ഗോൾഡ് സർട്ടിഫി ക്കേഷനും ആയിരുന്നു.

എഞ്ചിനീയറിംഗ് ബിരുദ്ധധാരികൾ മുതൽ 10-ാം ക്ലാസ്സ് തലം വരെ വിദ്യാഭ്യാസമുള്ള നൈപുണ്യമുള്ള ജീവനക്കാർ ജയകുമാറിന്റെ ടീമിലുണ്ട്. ഇവരെ ഓരോരുത്തരേയും പരിശീലനം നല്കിയാണ് ടീമിന്റെ ഭാഗമാക്കിയിരിക്കുന്നത്. 200-ഓളം തൊഴിലാളികൾ ഇപ്പോൾ മൂന്നു കമ്പനികളിലുമായി പ്രവർത്തിക്കുന്നുണ്ട്. ഡിസ്ക് തെർമിസ്റ്ററുകളുടെ കാലം കടന്ന് ചിപ് തെർമിസ്റ്ററുകൾ രംഗം വാഴാൻ തുടങ്ങുന്നുവെന്ന് അറിഞ്ഞതോടെ ജയകുമാർ ആ രംഗത്തേക്കും കടന്നു. ഈ മേഖലയിലെ പുതു പുത്തൻ ആശയമായി ഗ്ലാസ് ബീഡ് തെർമിസ്റ്ററുകൾ (ഈർപ്പം പൂർണമായും ഒഴിവാക്കാൻ ഉതകുന്ന തെർമിസ്റ്റർ) നിർമ്മിക്കാനുള്ള എല്ലാ സംവിധാനങ്ങളും എസ്.റ്റി. എച്ചിൽ തയ്യാറായി കഴിഞ്ഞു. അടുത്ത വർഷത്തോടെ അതായത് 2025 ൽ ഈ വൈവിധ്യമാർന്ന ഉത്പന്നം വിപണിയിൽ എത്തിക്കാൻ സാധിക്കും.

### വളർച്ച പടിപടിയായി

സ്വന്തം ടീമിന് നല്കാവുന്ന എല്ലാ സാമൂഹിക പരിരക്ഷയും ഉറപ്പു വരുത്തി അവരെ സംതൃപ്തരാക്കി മുന്നോട്ടു പോകുന്ന ജയകുമാർ കമ്പനിയിൽ മികവുറ്റ ഗുണമേന്മ സിസ്റ്റവും സജ്ജമാക്കിയിട്ടുണ്ട്. മക്കളായ ശ്രീരാജും, (കമ്പനി സെക്രട്ടറി) സൂരജും (ബി. ടെക്) ജയകുമാറിനൊപ്പം ബിസിനസിലുണ്ട്. ശ്രീരാജ് അഡ്മിനിസ്ട്രേഷൻ നോക്കുമ്പോൾ സൂരജ് കെട്നിക്കൽ വിഭാഗത്തിലാണ് ശ്രദ്ധയൂന്നുന്നത്. ഇരുവരും പഠനം പൂർത്തിയാക്കി മറ്റ് കമ്പനികളിൽ പ്രവർത്തന പരിചയം നേടിയാണ് പിതാവിനൊപ്പം ബിസിനസിലേക്ക് ഇറങ്ങിയത്. മാനേജിങ്ങ് ഡയറക്ടറായ ജയകുമാറിനൊപ്പം വലംകൈയായി നിന്ന് എക്സിക്യൂട്ടീവ് ഡയറക്ടറായ ഗംഗാധരൻ നമ്പൂതിരിയും എസ്.റ്റി.എച്ചിനെ ഉയരങ്ങളിലേക്ക് നയിക്കുന്നു.

നാട്ടിലും വിദേശത്തുമായി വിവിധ കമ്പനികളുമായി വ്യാപാരക്കരാറുകളും കൂടുതൽ കയറ്റുമതി ഓർഡറുകളും സൗപർണിക നേടുകയുണ്ടായി. ജയകുമാർ സൗപർണ്ണികയിലൂടെ തെർമിസ്റ്റർ മേഖലയിൽ പതിപ്പിച്ച വ്യക്തിമുദ്രക്കും, സംരംഭകത്വ മേഖലയിൽ അർപ്പിച്ച നേതൃപരമായ ഇടപെടലുകൾക്കും, 2015-16 ൽ കേരള സർക്കാർ, കേരളത്തിലെ മികച്ച സംരംഭകനുള്ള എം.എസ്.എം.ഇ. അവാർഡ് നല്കി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. ഇന്ന് സൗപർണിക, ചൈനയടക്കം പത്തിലധികം രാജ്യങ്ങളിലേക്ക് അവരുടെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. വാഹന ടെക്നോളജി രംഗങ്ങളിലെ ലോകത്തിലെ പ്രമുഖ കമ്പനികളുമായി വ്യാപാര വിനിമയം നടത്തി വരുന്നു. 180-ഓളം പേർക്ക് പ്രത്യക്ഷമായും, 20-ഓളം ആളുകൾക്ക് പരോക്ഷമായും തൊഴിൽ അവസരങ്ങൾ നൽകുന്ന രാജ്യത്തെ തന്നെ പ്രമുഖ തെർമിസ്റ്റർ സെൻസർ നിർമ്മാണ കയറ്റുമതി കമ്പനിയാണ് ജയകുമാറിന്റെ നേതൃത്വത്തിലുള്ള സൗപർണിക.

അടുത്ത ഘട്ടത്തിലേക്കുള്ള വളർച്ചക്കായുള്ള മൂലധന സമാഹരണത്തിനായി എസ്.എം.ഇ., ഐ.പി.ഒ. ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കും എസ്.റ്റി.എച്ച് തുടക്കം കുറിച്ചിട്ടുണ്ട്. സൗപർണ്ണികയുടെ ഈ മേഖലയിലെ ദ്രുതഗതിയിലുള്ള വളർച്ചയും, ടെക്നോളജി, കയറ്റുമതി, എന്നീ രംഗങ്ങളിലെ സ്തുത്യർഹമായ സംഭാവനകളും പരിഗണിച്ച് ഭാരത സർക്കാർ 2022 ലെ രാജ്യത്തെ മികച്ച ചെറുകിട സംരംഭകനുള്ള എം.എസ്.എം.ഇ. അവാർഡ് നൽകി ജയകുമാറിനെ ആദരിക്കുകയുണ്ടായി. പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നുമാണ് അദ്ദേഹം ഈ അവാർഡ് കരസ്ഥമാക്കിയത്. തുടർന്ന് 2023 ൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ സേഫ്റ്റി അവാർഡും 2024 ൽ തൃശ്ശൂർ ജില്ലയിലെ മികച്ച സംരംഭത്തിനുള്ള ജില്ലാ അവാർഡും ലഭിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ കോലഴിയിൽ സ്ഥിരതാമസക്കാരനായ ജയകുമാറിന്റെ കുടുംബം സേവനത്തിന്റെ എല്ലാ മേഖലകളിലും താങ്ങും, തണലുമായി അദ്ദേഹത്തോടൊപ്പമുണ്ട്. റിട്ട. അധ്യാപികയായ രാധയാണ് അദ്ദേഹത്തിന്റെ പത്നി. ■

STH SOWPARNIKA THERMISTORS AND HYBRIDS PVT. LTD.




MSME NATIONAL AWARD 2022
BEST ENTREPRENUER IN MICRO SECTOR

MSME STATE AWARD 2015-16
BEST ENTREPRENUER IN MICRO SECTOR




KSSIA NEWS
JUNE 2024



ടി.എസ്. ചന്ദ്രൻ

PMEGP
Prime Minister's
Employment Generation Programme

# പി.എം.ഇ.ജി.പി. പുതുസംരംഭകർക്ക് ഏറ്റവും മികച്ച വായ്പ പദ്ധതി



ഏതു വിഭാഗം സംരംഭകർക്കും ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പ പദ്ധതിയാണ് പ്രധാന മന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി അഥവാ പി.എം.ഇ.ജി.പി. ഇത്രയധികം സബ്സിഡി ആനുകൂല്യങ്ങളും കൈത്താങ്ങ് സഹായവും നൽകുന്ന മറ്റൊരു പദ്ധതിയും ഇന്ന് ഇന്ത്യയിൽ ഇല്ല എന്ന് പറയാം. 2008 മുതൽ കേന്ദ്രസർക്കാർ നടപ്പാക്കി വന്നിരുന്ന ഒരു പ്രധാനപ്പെട്ട വായ്പ പദ്ധതിയാണ് ഇത്.

## പദ്ധതി ആനുകൂല്യങ്ങൾ

പുതുസംരംഭകർക്ക് നിർമ്മാണ സേവന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പരിധിയില്ലാതെ വായ്പ നൽകുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. വായ്പക്ക് മാത്രമാണ് പരിധി ഇല്ലാത്തത്. എന്നാൽ നിർമ്മാണ സ്ഥാപനങ്ങൾക്ക് 50 ലക്ഷം രൂപ വരെയും സേവന സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപ വരെയും ഉള്ള പദ്ധതികൾക്കു മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. സബ്സിഡിയുടെ നിരക്ക് എന്നു പറയുന്നത് ഗ്രാമപ്രദേശത്ത് പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സംരംഭകർക്ക് 35 ശതമാനവും, പട്ടണ പ്രദേശത്താണ് എങ്കിൽ 25% ആണ്. പൊതുവിഭാഗത്തിന് പഞ്ചായത്ത് പ്രദേശത്ത് 25 ശതമാനവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 15 ശതമാനവും ആയിരിക്കും സബ്സിഡി. പ്രത്യേക വിഭാഗങ്ങൾ എന്നാൽ സ്ത്രീകൾ, എസ്.സി.എസ്.ടി. വിഭാഗക്കാർ, ഒ.ബി.സി.കാർ, മതന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, എന്നിവരാണ്. ഇത് ലഭിച്ചുകഴിഞ്ഞാൽ മൂന്നുവർഷത്തേക്ക് ബാങ്കിൽ തന്നെ എഫ്.ഡി. ആയി സൂക്ഷിക്കുകയും അതിനുശേഷം പ്രവർത്തനം വിലയിരുത്തി വായ്പ കണക്കിലേക്ക് വരവ് വെച്ച് നൽകുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന സബ്സിഡി തുകയ്ക്കും വായ്പാതുകയ്ക്കും ഒരേ പലിശ നിരക്ക് ആയിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

## അർഹത

18 വയസ്സ് പൂർത്തിയായാൽ മതി. ഉയർന്ന പ്രായപരിധി ബാധകമല്ല. 10 ലക്ഷത്തിനു മുകളിൽ വരുന്ന നിർമ്മാണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിൽ വരുന്ന സേവന സ്ഥാപനങ്ങൾക്കും എട്ടാം ക്ലാസ് പാസ് ആയിരിക്കണം എന്നതാണ് വ്യവസ്ഥ. പങ്കാളിത്ത സ്ഥാപനങ്ങൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയ്ക്ക് വായ്പ ലഭിക്കില്ല. നേരിട്ടുള്ള കൃഷി ഫാമുകൾ, വാഹനങ്ങൾ, പുകയില, മദ്യം, മാംസം, ടെസ്റ്റിംഗ് ലാബുകൾ, പരിശീലന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജിംനേഷ്യം, വ്യാപാര സ്ഥാപനങ്ങൾ, തുടങ്ങിയ ഏതാനും മേഖലകൾക്കും വായ്പ ലഭിക്കില്ല. ഇവ ഒഴികെയുള്ള എല്ലാത്തരം സംരംഭ പ്രവർത്തികൾക്കും വായ്പ ലഭിക്കുന്നതാണ്.

## പൗൾട്രി ഫാമുകൾക്കും ഫിഷ് ഫാമുകൾക്കും വായ്പ

പുതിയ ഭേദഗതി പ്രകാരം പൗൾടി ഫാമുകൾക്കും ഫിഷ് ഫാമുകൾക്കും വായ്പ ലഭിക്കും. അതുപോലെ ട്രാൻസ്പോർട്ടേഷൻ വാഹനങ്ങൾക്കും വാൻ, ഓട്ടോ, ടാക്സികൾക്കും വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ ഹോട്ടലുകൾക്കും പശുവിനെ വളർത്തി പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാമുകൾക്കും വായ്പ ലഭിക്കും. എരുമ, ആട്, ക്യാമൽ, കുതിര, കഴുത എന്നിവയുടെ ഫാമുകൾക്കും ഇതേ രീതിയിൽ വായ്പ ലഭിക്കും. ചിക്കൻ ടർക്കി, താറാവ്, തേനീച്ച വളർത്തൽ എന്നീ സംരംഭങ്ങൾക്കും വായ്പ ലഭിക്കും. കച്ചവടത്തിന് വ്യവസ്ഥകളോടെ വായ്പ ലഭിക്കും. ഖാദി പി.എം.ഇ.ജി.പി. യൂണിറ്റുകളുടെ നിർമ്മാണ സേവന സ്ഥാപനങ്ങളുടെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആണെങ്കിൽ വായ്പയ്ക്ക് പരിഗണിക്കും.

## വനിതകൾക്ക് 30% സംവരണം

ഈ പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വനിതകൾക്ക് 30% വും, ഒ.ബി.സി.ക്ക് 27 ശതമാനവും, എസ്.സി.ക്ക് 9.1 ശതമാനവും, എസ്ടിക്ക് 1.45 ശതമാനവും, മതന്യൂനപക്ഷങ്ങൾക്ക് അഞ്ച് ശതമാനവും, ഭിന്നശേഷിക്കാർക്ക് മൂന്ന് ശതമാനവും പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

## സംരംഭകത്വ പരിശീലനം ഇ.ഡി.പി

2 ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾക്ക് ഇനിമേൽ സംരംഭകത്വ പരിശീലനം നിർബന്ധമില്ല. സ്ഥാപനത്തിന്റെ നിക്ഷേപം 5 ലക്ഷത്തിൽ താഴെയാണെങ്കിൽ അഞ്ച് ദിവസത്തെ സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുത്താൽ മതിയാകും. അതിനു മുകളിൽ ആണെങ്കിൽ 10 ദിവസത്തെ പരിശീലനവും നേടിയിരിക്കണം. എന്നാൽ മാത്രമേ സർക്കാർ അനുവദിക്കുന്ന സബ്സിഡിക്ക് അർഹത ഉണ്ടാവുകയുള്ളൂ.

## ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

- തിരിച്ചടവ് കാലാവധി മൂന്നുവർഷം മുതൽ ഏഴ് വർഷം വരെ ലഭിക്കുന്നതാണ്.
- ഒരു ലക്ഷം രൂപയുടെ നിക്ഷേപത്തിന് ഒരാൾക്ക് തൊഴിൽ നൽകണം എന്ന വ്യവസ്ഥ എടുത്തു കളഞ്ഞു. ഇപ്പോൾ മൂന്നുലക്ഷം രൂപ വരെയുള്ള സ്ഥിരനിക്ഷേപത്തിന് ഒരു തൊഴിൽ നൽകിയാൽ മതിയാകും.
- ഗ്രാമ നഗര വ്യത്യാസം ഇല്ലാതെ അപേക്ഷകൾ സ്വീകരിക്കുന്നതിന് എല്ലാ നിർവഹണ സ്ഥാപനങ്ങൾക്കും അധികാരം നൽകി. ഖാദി ബോർഡ്, ഖാദി കമ്മീഷൻ, കയർ ബോർഡ് എന്നീ ഏജൻസികൾക്കും ഇനിമേൽ മുനിസിപ്പൽ പ്രദേശത്തെ അപേക്ഷകൾ കൈകാര്യം ചെയ്യാം. ഇതുവരെ ഈ അധികാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് മാത്രമായിരുന്നു.

കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ പര്യാപ്തമായ രീതിയിലാണ് 2008 മുതൽ നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി പരിഷ്കരിച്ചിരിക്കുന്നത്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, (കെ.വി.ഐ.സി.) ഖാദി ബോർഡ് കെ.വി.ഐ.ബി) കയർ ബോർഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡി.ഐ.സി) എന്നി ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഖാദി കമ്മീഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

## സബ്സിഡി: ആശങ്ക വേണ്ട

ഈ പദ്ധതി പ്രകാരം വായ്പയെടുത്ത് സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് മൂന്നുവർഷം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സിഡി തുക വായ്പ കണക്കിലേക്ക് വരവ് വയ്ക്കുന്നത് ആണ് രീതി. അതുവരെ ഈ സബ്സിഡി തുക സ്ഥിരം ഡെപ്പോസിറ്റ് ആയി ഇടുകയും അതിന്റെ പലിശ കൃത്യമായി സംരംഭകന് ലഭ്യമാക്കുകയും ചെയ്യും. ഈ പലിശ വായ്പയുടെ അതേ നിരക്കിൽ ആയിരിക്കും എന്നതാണ് സവിശേഷത. ഇങ്ങനെ ലഭിച്ച സബ്സിഡി വായ്പ കണക്കിലേക്ക് വരവ് വയ്ക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇതിന്റെ നോഡൽ ഏജൻസിയായ ഖാദി കമ്മീഷൻ ഒരു ഏജൻസിയെ സ്ഥാപനത്തിന്റെ പ്രവർത്തന രീതി വിലയിരുത്തുന്നതിന് ഏർപ്പാടാക്കിയിട്ടുണ്ട്. ഇപ്രകാരം വായ്പ കണക്കിലേക്ക് വരവ് വയ്ക്കുന്നതിന് മൂന്ന് കാര്യങ്ങളാണ് പരിശോധിക്കുന്നത്.

1 സംരംഭകൻ കൃത്യമായി (സബ്സിഡിക്ക് ആനുപാതികമായ തുക) തുക പിൻവലിച്ച് ഉപയോഗിച്ചിട്ടുണ്ടോ?
2 സംരംഭകന്റെ സ്ഥാപനം മൂന്നുവർഷമായി പ്രവർത്തിക്കുന്നുണ്ടോ?
3 സംരംഭകൻ നിശ്ചിത സംരംഭകത്വ വികസന പരിപാടി വിജയികരമായി പൂർത്തിയാക്കിയിട്ടുണ്ടോ?

ഇത്തരം കാര്യങ്ങൾ പരിശോധിച്ചിട്ടാണ് സബ്സിഡി തുക വായ്പ കണക്കിലേക്ക് വരവ് വയ്ക്കാൻ അനുമതി നൽകുന്നത്. ഇവ വിലയിരുത്തുന്നതിൽ വലിയ തോതിലുള്ള കാലതാമസം നേരിടുന്നുണ്ട്. ഇതുമൂലം സബ്സിഡി തുക സമയത്തിന് വായ്പ കണക്കിലേക്ക് വരവ് വയ്ക്കാൻ കഴിയാതെ വരുന്ന ഒരു സാഹചര്യം നിലവിലുണ്ട്. എന്നാൽ സംരംഭകർ ആശങ്കപ്പെടേണ്ട യാതൊരു കാര്യവുമില്ല. അല്പം വൈകി ആണെങ്കിലും സംരംഭകരുടെ സബ്സിഡി തുക അവരുടെ അക്കൗണ്ടിലേക്ക് ലഭിക്കുക തന്നെ ചെയ്യും. ഇതുമായി ബന്ധപ്പെട്ട ഏതാനും സംരംഭകർ പരാതി ബോധിപ്പിക്കുകയും ഖാദി കമ്മീഷൻ അത്തരം പരാതികൾ പരിശോധിച്ചു വളരെ പെട്ടെന്ന് തന്നെ സബ്സിഡി തുക അവർക്ക് വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തതായിട്ടാണ് അറിയുന്നത്. അപ്പോൾ പരാതി പറഞ്ഞവർക്ക് മാത്രമല്ല അല്ലാത്തവർക്കും ഇത്തരം സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കാതെ പോവുകയില്ല. ഇങ്ങനെ കാലതാമസം നേരിടുന്നവർക്ക് ഖാദി കമ്മീഷൻ മുമ്പാകെ വീണ്ടും ആ പരാതി/അപേക്ഷ ബോധിപ്പിക്കാവുന്നതാണ് എന്ന കാര്യം കൂടിയുണ്ട്.

## പി.എം.ഇ.ജി.പി. മികച്ച വായ്പ പദ്ധതി

തൊഴിൽ സംരംഭകർക്ക് ഏറെ ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പാ പദ്ധതിയാണ് പി.എം.ഇ.ജി.പി. ഇത്രയധികം സൗകര്യങ്ങൾ നൽകുന്ന മറ്റൊരു പദ്ധതി ഇല്ല എന്ന് പറയാം. ഈ പദ്ധതി പ്രകാരം തുടങ്ങിയ സംരംഭങ്ങളിൽ 80 ശതമാനവും പ്രവർത്തിച്ചുവരുന്നു എന്നതാണ് നേട്ടം.

ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു എന്നതിൻെറ അടിസ്ഥാനത്തിൽ ഇത് പ്രകാരം വായ്പയെടുത്തു സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അതിൻെറ വിപുലീകരണത്തിന് ഇപ്പോൾ വായ്പ അനുവദിക്കുന്നുണ്ട്. നിർമ്മാണ സ്ഥാപനങ്ങൾക്ക് ഒരു കോടി രൂപ വരെയും സേവന സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപ വരെയുമാണ് ഇങ്ങനെ രണ്ടാം വായ്പയായി അനുവദിക്കുക.

ഓൺലൈൻ ആയി അപേക്ഷിക്കണം. സന്ദർശിക്കേണ്ട സൈറ്റ് www.kviconline.gov.in ■

**സംസ്ഥാന വ്യവസായ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടർ**
**ആണ് ലേഖകൻ**

# വ്യവസായ കേരളത്തിന് കരുത്തേകാൻ പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം



എസ്. ഹരി കിഷോർ ഐ.എ.എസ്

ഇന്ത്യൻ മഹാസമുദ്രവും അറബിക്കടലും ഒരുക്കിവെച്ച തീരങ്ങളാലും ശാന്തമായ കായൽ പരപ്പുകളാലും സമൃദ്ധമായ കേരളം, ചരക്കു ഗതാഗത രംഗത്ത് പുതിയ ചുവടുവെപ്പിനൊരുങ്ങുകയാണ്. സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ലോജിസ്റ്റിക്സ് പാർക്ക് നയത്തിന്റെ (2024) കരട് രൂപം, ലോജിസ്റ്റിക്സ് മേഖലയിൽ, സംസ്ഥാനത്തിന് വലിയ സാധ്യകൾ ഒരുക്കുമെന്നതിൽ സംശയമില്ല. വ്യവസായ വകുപ്പ് മുന്നോട്ടുവെച്ച ഈ നയം സംസ്ഥാനത്തിന്റെ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങളിൽ വിപ്ലവം സൃഷ്ടിക്കാനും നിക്ഷേപങ്ങൾ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു. ഗണ്യമായ നിക്ഷേപങ്ങളും വിവിധ തലത്തിലുള്ള സംരംഭങ്ങളും ഉപയോഗിച്ച്, ഇന്ത്യയുടെ കുതിച്ചുയരുന്ന ലോജിസ്റ്റിക് വ്യവസായ രംഗത്ത് കരുത്തുറ്റ മുന്നേറ്റം കാഴ്ചവെക്കാനും, ഉപഭോക്തൃ സ്ഥാനം പ്രയോജനപ്പെടുത്താനും കേരള സംസ്ഥാനം സജ്ജമാവുകയാണ്.

സംസ്ഥാനത്തെ ലോജിസ്റ്റിക് പാർക്കുകൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതാണ് കരട് ലോജിസ്റ്റിക് പോളിസിയുടെ പ്രധാന ആകർഷണം. ഈ സ്കീമിന് കീഴിൽ, 10 ഏക്കറിലധികം വരുന്ന ലോജിസ്റ്റിക് പാർക്കുകളിൽ 7 കോടി രൂപവരെയുള്ള സ്ഥിര മൂലധന നിക്ഷേപങ്ങൾക്ക് 20% സബ്സിഡി ലഭിക്കും. അഞ്ച് ഏക്കർ വരുന്ന മിനി പാർക്കുകൾക്ക് 3 കോടി രൂപയുടെ സബ്സിഡിയും ലഭിക്കും. ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിലൂടെ, അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കാനും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ, ലോജിസ്റ്റിക്സ് പാർക്കുകളെ വ്യാവസായിക മേഖലകളായി പ്രഖ്യാപിക്കുന്നതിലൂടെ, നിർമ്മാണ പ്രക്രിയകൾ കാര്യക്ഷമമാക്കാനും ഏകജാലക സംവിധാനത്തിലൂടെ വേഗത്തിലുള്ള അനുമതികൾ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു.

വ്യാവസായിക ഭൂമി ലോജിസ്റ്റിക് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്റെ വിപുലമായ സാധ്യതകൾ തിരിച്ചറിഞ്ഞ്, ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾക്കായി ഭൂമി വിട്ടുനൽകാൻ കരട് നയം നിർദ്ദേശിക്കുന്നു. ഈ പ്രധാന മാറ്റത്തോടെ നിലവിലുള്ള സാധനങ്ങളും സേവനങ്ങളും കാര്യക്ഷമമായി ഉപയോഗപ്പെടുത്താനും ലോജിസ്റ്റിക്കൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന് സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും കോടിക്കണക്കിന് മൂല്യമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിലെത്തുമ്പോൾ, ലോജിസ്റ്റിക്സിന് വേണ്ടി വ്യാവസായിക ഭൂമി പുനർ നിർണ്ണയിക്കുന്നത് തിരക്ക് കുറക്കാൻ കാരണമാകും. മാത്രമല്ല, ഗതാഗതത്തിലും വിതരണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും കഴിയും.

ലോജിസ്റ്റിക്സ് കൺസൾട്ടേറ്റീവ് ഫോറം പോലുള്ള സംരംഭങ്ങളിലൂടെ ഓഹരി ഉടമകളുടെ പങ്കാളിത്തത്തിന് കരട് ലോജിസ്റ്റിക് നയം ഊന്നൽ നൽകുന്നു. വ്യവസായ പങ്കാളികളെ ഉൾപ്പെടുത്തുന്നതിലൂടെ, വിലപ്പെട്ട മാർഗനിർദേശങ്ങൾ ശേഖരിക്കാനും പുതുതായി രൂപപ്പെടുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ നയം നടപ്പിലാക്കാൻ സർക്കാർ ഊർജ്ജിതമായി ശ്രമിക്കുന്നു. കൂടാതെ, ലോജിസ്റ്റിക് മേഖലയിലെ നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം അടിവരയിടുന്നു. വിഭവ സമാഹരണം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നതിനാൽ, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ലോജിസ്റ്റിക്സ് രംഗത്തെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം സജ്ജമാക്കാനും കേരളത്തിനാകും.

ലോജിസ്റ്റിക്സ് നയം സുഗമമായി നടപ്പിലാക്കുന്നതിന്, കരട് നയം നിരവധി സംവിധാനങ്ങൾ നിർദ്ദേശിക്കുന്നു. ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല ലോജിസ്റ്റിക് കോ-ഓർഡിനേഷൻ കമ്മിറ്റി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ലോജിസ്റ്റിക് സെൽ, നഗരങ്ങൾക്കായുള്ള പ്രത്യേക സമിതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാന തലത്തിലും നഗര തലങ്ങളിലും ഫലപ്രദമായ നയ നിർവ്വഹണം ഉറപ്പാക്കുന്നതിലും ഈ കമ്മറ്റികൾ നിർണായക പങ്ക് വഹിക്കും.

ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലുള്ള കേരളത്തിൻെറ വളർച്ചയാണ് ലോജിസ്റ്റിക്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്നതിന് പിന്നിലെ പ്രേരകശക്തി. രാജ്യത്തെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സിന്റെ (എഫ്.എം.സി.ജി.) 6 ശതമാനത്തിലധികം സംസ്ഥാനം ഉപയോഗിക്കുന്നതിനാൽ, സാമ്പത്തിക വളർച്ചയ്ക്കുള്ള ഈ അവസരം പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിനാകും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലോജിസ്റ്റിക് മേഖലയുടെ വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും കേരളത്തിന്റെ ഉപഭോക്തൃ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം വ്യവസായ വകുപ്പ് മനസിലാക്കുന്നു.

സർക്കാരും വ്യവസായ പങ്കാളികളും തമ്മിലുള്ള സഹകരണത്തിന്റെ ആവശ്യകത മനസ്സിലാക്കി, മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രസിദ്ധീകരിച്ച കരട് പോളിസിയെക്കുറിച്ച് വ്യവസായ പങ്കാളികളുടെയും ഓഹരി ഉടമകളുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം സർക്കാരിന്റെ അഭിപ്രായങ്ങളും സമന്വയിപ്പിച്ച് നയത്തിന്റെ അന്തിമ രൂപം ഉടൻതന്നെ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു.

കരട് ലോജിസ്റ്റിക്സ് നയം, കേരളത്തെ ലോജിസ്റ്റിക്സ് ഹബ്ബായി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലാണ്. നിക്ഷേപ സബ്സിഡി മുതൽ നൈപുണ്യ വികസന പരിപാടികൾ വരെയുള്ള സമഗ്രമായ ഒരു കൂട്ടം സംരംഭങ്ങൾക്കൊപ്പം, ശക്തമായ അടിസ്ഥാന സൗകര്യ വികസനത്തിനും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിനും സാമ്പത്തിക വളർച്ചയ്ക്കും നയം വേദിയൊരുക്കുന്നു. കേരളത്തിന്റെ ഉപഭോക്തൃ സാധ്യതകൾ, സംരംഭകരുടെ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതോടെ, ലോജിസ്റ്റിക് മേഖലയിൽ രാജ്യത്ത് ഒന്നാമതെത്താൻ കേരളത്തിനാകും. ലോജിസ്റ്റിക്സ് നയം അന്തിമ രൂപീകരണത്തിലേക്കും നടപ്പാക്കലിലേക്കും നീങ്ങുമ്പോൾ, പുതിയ അവസരങ്ങൾ തുറക്കാനും സുസ്ഥിര വികസനത്തിന്റെയും സമൃദ്ധിയുടെയും പാതയിലേക്ക് കേരളം മുന്നേറും. ■

വ്യവസായ വാണിജ്യ വകുപ്പ്
ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.
എം.ഡി. ആണ് ലേഖകൻ



# വൈദ്യുതി മേഖലയിൽ നേരിടുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും

വ്യവസായികൾ ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ഫിക്സഡ് ഡെപ്പോസിറ്റ് അടച്ച ശേഷം കണക്ഷനു വരുന്ന സമയത്ത് സാധനങ്ങളുടെ ദൗർലഭ്യം ചൂണ്ടി കാട്ടി അപേക്ഷകരെ കൊണ്ട് തന്നെ കണക്ഷനുള്ള സാധനങ്ങൾ വാങ്ങിപ്പിക്കുന്ന നടപടി വളരെ ദൗർഭാഗ്യകരമാണ്. വൈദ്യുതി കണക്ഷനു ആവശ്യമായ ചെലവിലേക്കാണ് ഫിക്സഡ് ഡെപ്പോസിറ്റ് വാങ്ങിക്കുന്നത്. ഇത്തരത്തിലുള്ള നടപടികൾക്കെതിരെ ശക്തമായി നടപടി എടുക്കേണ്ടത് വളരെ അത്യാവശ്യമാണ്.

നമ്മുടെ സംസ്ഥാനത്തെ വ്യവസായിക മേഖല പിറകോട്ട് പോകുന്നതിൽ, വൈദ്യുതി മേഖലയിലെ ഓഫീസുകൾ കാരണമായി ഉണ്ടാകുന്ന ചില വിഷയങ്ങൾ ഇവിടെ അവതരിപ്പിക്കട്ടെ.സംസ്ഥാനത്തെ ഭൂരിപക്ഷം വ്യവസായ സ്ഥാപനങ്ങളും 11 കെ.വി. എന്ന ഉയർന്ന വോൾട്ടേജിൽ വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നവരാണ്.ആയതിനാൽ സ്വന്തമായി ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടി വരുന്നു. എന്നാൽ അത് സ്ഥാപിക്കുന്നത് മുതൽ വൈദ്യുതി ലഭിക്കുന്നത് വരെയുള്ള ദൈർഘ്യം വളരെ വലുതാണ്. ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് മുൻപുള്ള സ്ഥല പരിശോധന,പിന്നീട് കരാറുകാരൻ നൽകുന്ന രൂപ കൽപനക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അംഗീകാരം ലഭിക്കൽ, ശേഷമുള്ള പരിശോധന, ഊർജീകരണ അനുമതി, ഇങ്ങനെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലൂടെ കടന്ന് പോയി. അവ പൂർത്തീകരിച്ചാൽ മാത്രമേ വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക്, കെ.എസ്.ഇ.ബി. ലിമിറ്റഡിൽ വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. നിയമപരമായി ലഭിക്കേണ്ട പരമാവധി സമയവും കഴിഞ്ഞാണ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൻ നിന്നും വിവിധ അപേക്ഷയിൻമേൽ തീരുമാനം ഉണ്ടാവുന്നത്.

### ട്രാൻസ്ഫോർമർ സ്ഥാപിച്ചതിനു ശേഷമുള്ള പരിശോധനയും ഊർജ്ജീകരണ അനുമതിയും

ട്രാൻസ്ഫോർമറും മറ്റും സ്ഥാപിച്ചതിനു ശേഷം കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചാൽ സ്ഥല പരിശോധന നടത്തി ന്യൂനത ഉണ്ടെങ്കിൽ ന്യൂനത റിപ്പോർട്ട് 10 ദിവസത്തിനകം നൽകണമെങ്കിലും പലപ്പോഴും അത് നടക്കാറില്ല. തുടർന്നു ന്യൂനത പരിഹരിച്ച് മറുപടി നൽകിയാൽ മാത്രമാണ് ഊർജ്ജീകരണാനുമതി ലഭിക്കുന്നത്.

### പീരിയോഡിക്കൽ ഇൻസ്പെക്ഷൻ

ഊർജ്ജീകരണാനുമതി ലഭിച്ചാൽ പിന്നീട് അഞ്ചുവർഷത്തിൽ ഒരിക്കലെങ്കിലും പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തിയാൽ മതിയെന്നിരിക്കെ വർഷാവർഷവും പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തി ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് നിലവിലുള്ളത്.

### എൽ.റ്റി ഫോർ ഇൻഡസ്ട്രീയൽ കണക്ഷന്റെ പരിധി ഉയർത്തണം

ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായ യൂണിറ്റുകൾ 150 കെ.വി.എ. വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കളെ എൽ.റ്റി. ഫോർ ആയാണ് പരിഗണിക്കുന്നത്. എന്നാൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് പുറത്തുള്ള വ്യവസായികൾക്ക് 100 കെ.വി.എ. യിലധികം ഉപയോഗിക്കുന്നവരെ എച്ച്.റ്റി. ഉപഭോക്താക്കളായിട്ടാണ് പരിഗണിക്കുന്നത്. സപ്ലൈകോഡ് 2005 ന് മുമ്പുള്ള എല്ലാ വ്യവസായ ഉപഭോക്താക്കൾക്കും 150. കെ.വി.എ. ഉപയോഗിക്കാമായിരുന്നു. 2005 ന് ശേഷമുള്ള സപ്ലൈകോഡ് അനുസരിച്ച് എല്ലാ വ്യവസായ ഉപഭോക്താക്കൾക്കും കണക്ഷൻ പരിധി 100 കെ.വി.എ. ആയി നിജപ്പെടുത്തി. അതിനു ശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ ഉപഭോക്താക്കളുടെ കണക്ഷൻ പരിധി 150 കെ.വി.എ. ആയി ഉയർത്തി. ഇൻഡസ്ട്രീയൽ എസ്റ്റേറ്റിനു പുറമെയുള്ള വ്യവസായ യൂണിറ്റുകൾക്ക് ഇത് ബാധകമല്ല. എന്നാൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ യൂണിറ്റുകളെക്കാൾ വളരെ കൂടുതലാണ് പുറമെയുള്ള വ്യവസായ യൂണിറ്റുകൾ. ആയതിനാൽ എല്ലാ വ്യവസായ യൂണിറ്റുകൾക്കും ഒരേ പോലെ ഏകീകൃതമായ എൽ.റ്റി. ഫോർ കണക്ഷൻ പരിധി 150. കെ.വി.എ. ആയി നിജപ്പെടുത്തി ഉത്തരവിറക്കേണ്ടതാണ്.

എല്ലാ വ്യവസായ എസ്റ്റേറ്റുകളിലെയും വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള ഫീഡർ ലൈൻ സ്ഥാപിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് തീരുമാനിച്ച ഇക്കാര്യം അടിയന്തിരമായി നടപ്പാക്കണം. വ്യവസായ വകുപ്പാണ് ഇതിന് മുൻകൈയെടുക്കേണ്ടത്. പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സ്ഥാപനം സാമ്പത്തിക പരാധീനതകൾ കൊണ്ട് വൈദ്യുതി ബില്ല് അടക്കാൻ കാലതാമസം നേരിട്ടാൽ അത് അടക്കാനുള്ള സാവകാശം നല്കുകയും ഇക്കാരണം കൊണ്ട് ഒരു സ്ഥാപനത്തിന്റെയും വൈദ്യുതി വിച്ഛേദിക്കില്ലെന്നും ഉറപ്പാക്കണം. ■





# സിഡ്കോയുടെ വളർച്ച വൻ കുതിപ്പിലേക്ക് വിറ്റു വരവ് 200 കോടിക്ക് മേൽ

SIDCO

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) കഴിഞ്ഞ സാമ്പത്തിക വർഷം 202 കോടിയുടെ വിറ്റു വരവും, 1.41 കോടി പ്രവർത്തന ലാഭവും നേടി. തുടർച്ചയായ രണ്ടാം വർഷമാണ് സിഡ്കോ 200 കോടിയ്ക്ക് മുകളിൽ വാർഷിക വിറ്റു വരവ് നേടുന്നത്. 15 വർഷ കാലയളവിൽ സിഡ്കോ ആദ്യമായിട്ടാണ് കഴിഞ്ഞ വർഷം ലാഭത്തിലെത്തിയത്. നിലവിലെ മാനേജ്മെന്റ് ചുമതല ഏറ്റതിനുശേഷം 32 മാസ കാലയളവിൽ 632 കോടിയുടെ വിറ്റു വരവ് നേടി. നടപ്പ് സാമ്പത്തിക വർഷം 264 കോടിയുടെ വിറ്റു വരവും 3.42 കോടി പ്രവർത്തന ലാഭവും ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തി കൊണ്ടിരിക്കുന്നത്. പ്രവർത്തിക്കാത്തതും, അടഞ്ഞു കിടന്നതുമായ എസ്റ്റേറ്റിലെ ഷെഡുകൾ ഏറ്റെടുത്ത് പുതിയ സംരംഭങ്ങൾക്ക് നല്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

ചന്ദ്രയാൻ മൂന്നിന് ആവശ്യമായ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും സിഡ്കോ നിർമ്മിച്ച് നല്കി. വി.എസ്.എസ്.സി., ഐ.എസ്.ആർ.ഒ. എന്നിവയുടെ പദ്ധതികൾക്കാവശ്യമായ ഉപകരണങ്ങളും നിർമ്മിച്ച് നല്കുന്നുണ്ട്. സർക്കാർ അനുവദിച്ച 14.89 കോടി ഉപയോഗിച്ച് സിഡ്കോ യൂണിറ്റുകൾ നവീകരിച്ചതായും സിഡ്കോ ചെയർമാൻ സി.പി. മുരളിയും, മാനേജിങ്ങ് ഡയറക്ടർ സന്തോഷ് കോശി തോമസും അറിയിച്ചു. പൊതു മേഖല സ്ഥാപനങ്ങളുടെയും എം.എസ്.എം.ഇ. മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പാക്കിയ വ്യവസായ നയത്തിന്റെ ഗുണഫലമാണ് സിഡ്കോയുടെ ഈ വളർച്ച. ■

# 2023 - 24 കാലഘട്ടത്തിൽ എം.എസ്.എം.ഇ. കൾക്ക് ബാങ്കുകൾ നല്കിയ വായ്പ 80,210 കോടി രൂപ



സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് (എം.എസ്.എം.ഇ.) 2023-24 സാമ്പത്തിക വർഷം 80,210 കോടി രൂപ സംസ്ഥാനത്തെ ബാങ്കുകൾ വായ്പകൾ നല്കി. 2020-21ൽ 59,971 കോടി രൂപ നല്കിയ സ്ഥാനത്താണിത്. സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ഉണ്ടായ കുതിച്ചു ചാട്ടം വ്യക്തമാക്കി സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്. എൽ.ബി.സി) റിപ്പോർട്ടിലാണിത് സൂചിപ്പിച്ചിട്ടുള്ളത്. ഉല്പാദന മേഖലയിൽ സംസ്ഥാനത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചതായും റിപ്പോർട്ട് വ്യക്തമാക്കുന്നു. അനുവദിച്ച വായ്പയിൽ 30.57 ശതമാനവും ഉല്പാദന മേഖലയിലെ സംരംഭങ്ങളാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നല്കുന്ന വായ്പകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഇതും കൂടി ഉൾപ്പെടുത്തിയാൽ വായ്പ തുക ലക്ഷം രൂപ കടക്കും. കേരള ബാങ്ക് മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം അമ്പതിനായിരത്തിലധികം സംരംഭങ്ങൾക്കായി 2500 കോടി രൂപയോളം വായ്പ നല്കി. സംസ്ഥാനത്തെ ദേശവൽകൃത ബാങ്കുകൾ 2021-22 വർഷങ്ങത്തിൽ 64,957 കോടിയും 2022-23 ൽ 68,452 കോടി രൂപയുമാണ് വായ്പകൾ നല്കിയത്. സംസ്ഥാനത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോയുടെ ക്രമാതീതമായ ഒരു വർദ്ധനവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ■

# ജില്ലാ വാർത്തകൾ



കെ.എസ്.എസ്.ഐ.എ. ജനറൽ കൗൺസിൽ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. ജനറൽ കൗൺസിൽ യോഗത്തിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് പ്രസംഗിക്കുന്നു.



കെ.എസ്.എസ്.ഐ.എ. ജനറൽ കൗൺസിൽ യോഗത്തിൽ മുൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സി. മമ്മദ് കോയ Ex MLA. മുഖ്യ പ്രഭാഷണം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ.യിൽ Federation of Latex Processors Association ന്റെ അഫിലിയേറ്റഡ് മെമ്പർഷിപ്പ് അപേക്ഷ FOLPA പ്രസിഡന്റ് എസ്.എം.ഖാൻ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് കൈമാറുന്നു.



കെ.എസ്.എസ്.ഐ.എ.യും മെട്രോ മാർട്ടും സംയുക്തമായി നടത്തുന്ന IIIE എക്സ്പോ 2024ന്റെ ഇന്റർനാഷണൽ മാർക്കറ്റിങ്ങിനു വേണ്ടി ദുബായ് ആസ്ഥാനമായുള്ള പെപ്പോ ഈവന്റ് മാനേജ്മെന്റ് ഏജൻസിയുമായി കരാർ ഒപ്പിട്ട് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനും, പെപ്പോ എം.ഡി. മധു കൂട്ടാട്ടും കൈമാറുന്നു.



കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല കമ്മിറ്റി യോഗത്തിൽ വെച്ച് ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ എൻ. നാഗരാജന് സംസ്ഥാന പ്രസിഡന്റും, കൊല്ലം ജില്ലാ പ്രസിഡന്റും ചേർന്ന് ഉപഹാരം നൽകുന്നു.





# ജില്ലാ വാർത്തകൾ




കെ.എസ്.എസ്.എഫിൽ നിന്നുള്ള റിട്ടയർമെന്റ് ആനുകൂല്യം കൊല്ലം ജില്ലയിലെ കെ.എം.കെ. സോമിൽസ് ഉടമ കെ.മുഹമ്മദ് കുഞ്ഞിന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ കൈമാറുന്നു.




കെ.എസ്.എസ്.എഫിൽ നിന്നുള്ള റിട്ടയർമെന്റ് ആനുകൂല്യം കൊല്ലം ജില്ലയിലെ രവീന്ദ്ര ഇൻഡസ്ട്രീസ് ഉടമ ആർ രവീന്ദ്രൻ പിള്ളയ്ക്ക് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കൈമാറുന്നു.

### നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം (ചീഫ് എഡിറ്റർ)

## ക്രെഡിറ്റ് ഗ്യാരന്റി വാർഷിക ഫീസ് കുറച്ചു. വായ്പാ തുക 2 കോടിയിൽ നിന്നും 5 കോടി ആയി ഉയർത്തി



ഈട്/മൂന്നാം കക്ഷി ഗ്യാരന്റി എന്നിവയുടെ തടസ്സങ്ങളില്ലാതെ എം.എസ്.ഇ. കൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും നല്കുന്ന ക്രെഡിറ്റ് ഗ്യാരന്റി (CGTMSE) സ്കീം പ്രകാരം വായ്പക്കുള്ള വാർഷിക ഗ്യാരന്റീ ഫീസ് കുറച്ചു. 10 ലക്ഷം രൂപ വരെ 0.37 ശതമാനവും, 10 ലക്ഷം മുതൽ 50 ലക്ഷം വരെ 0.55 ശതമാനവും, 50 ലക്ഷം മുതൽ ഒരു കോടി വരെ 0.60 ശതമാനവും, ഒരു കോടി മുതൽ 2 കോടി വരെ 1.20 ശതമാനവും, 2 കോടി മുതൽ 5 കോടി വരെ 1.35 ശതമാനവും കുറച്ചു കൊണ്ടുള്ള ഉത്തരവായി. 2023 ഏപ്രീൽ ഒന്നു മുതൽ ഇതിന് പ്രാബല്യം ഉണ്ട്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപികരിക്കപ്പെട്ട സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (SIDBI) യുടെ കീഴിൽ സ്ഥാപിക്കപ്പെട്ട ഗ്യാരന്റി ട്രസ്റ്റാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ദേശസാൽകൃത – ഷെഡ്യൂൾഡ്/സ്വകാര്യ ബാങ്കുകൾ മുഖാന്തിരം എം.എസ്.ഇ. കൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഈ പദ്ധതി മുഖാന്തിരം വായ്പകൾ ലഭ്യമാകും. 2022 ൽ 5,18,873 രൂപയും 2023 ൽ 5,87,494 രൂപയും ഈ പദ്ധതി പ്രകാരം വായ്പകൾ അനുവദിച്ചതായിട്ടാണ് കണക്ക്. മൈക്രോ സ്മാൾ ഇൻഡസ്ട്രീസ്, വാണിജ്യ സ്ഥാപനങ്ങളുടെ വൻ കുതിച്ചു ചാട്ടത്തിന് ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി വളരെ സഹായകരമായിട്ടുണ്ട്.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**വ്യവസായ വകുപ്പ് – മാർജ്ജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി, മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.**

---

**വ്യവസായ (ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 450/2024/ID, തീയതി തിരുവനന്തപുരം, 11.06.2024.

---

പരാമർശം 1. സ.ഉ. (സാധാ) നം. 200/2023 തീയതി 13.03.2023
2. സ.ഉ. (സാധാ). നം. 813/2023 തീയതി 09.08.2023
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 15.11.2023 ലെ ഡി.ഐ.സി./2264/2022–എഫ്.സി 1 നമ്പർ കത്ത്

**ഉത്തരവ്**

മാർജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 03.06.2023 വരെ കാലാവധി നിജപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഇനി ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ 03.09.2023 വരെ കാലാവധി ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. മാർജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച കാലാവധിക്കുള്ളിൽ വായ്പ കുടിശ്ശിക അടയ്ക്കാനുള്ള എല്ലാ സംരംഭകർക്കും കുടിശ്ശിക തീർപ്പാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്നും കുടിശ്ശിക തീർപ്പാക്കാനുണ്ടായിരുന്ന നിരവധി ഗുണഭോക്താക്കൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും അപേക്ഷ സമർപ്പിച്ച് പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നെന്നും എന്നാൽ പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കാലയളവിനുള്ളിൽ കുടിശ്ശിക തുക അടച്ചു തീർപ്പാക്കാൻ നിർവ്വാഹമില്ലാതിരുന്ന നിരവധി സംരംഭകർ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുകയാണെങ്കിൽ കുടിശ്ശിക അടയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും അതിനാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31.03.2024 വരെ ദീർഘിപ്പിക്കുകയാണെങ്കിൽ കൂടുതൽ യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണെന്നും കൂടാതെ കുടിശ്ശിക വരുത്തിയിട്ടുള്ള സംരംഭകർ പ്രസ്തുത പദ്ധതി ആനുകൂല്യം വീണ്ടും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കുന്നുണ്ടെന്നും അതിനാൽ പരാമർശം (1) പ്രകാരം നിലവിൽ വന്ന മാർജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31.03.2024 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഉത്തരവായ മാർജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഇനി ദീർഘിപ്പിക്കുകയില്ലയെന്ന കർശന നിബന്ധനയോടെ ഉത്തരവ് തിയതി മുതൽ മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം. മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി
തീയതി – 11.06.2024



sidbi

# EXPRESS LOAN FOR MACHINERY



**Objective**

- Expeditious sanction of term loan through automated platform for purchase of machines/equipment.

**Eligible Expenditure**

- Acquisition of Plant and Machinery & equipments.

**Eligibility**

- MSME units in operation for at least 3 years.
- Mandatory Udyam & GST Registration.
- Filed Income tax returns for last 3 years.

**Key Features**

- Automated loan processing.
- Seamless loan application journey.
- Immediate In-Principle offer.
- Term loan upto ₹ 1 crore.
- Up to 100% financing with FD as collateral.
- Low processing fees
- Quick sanction and disbursement

**Interest Rate & Repayment**

- MCLR linked attractive interest rate.
- Repayment upto 5 years.


To know more visit : www.sidbi.in
Apply for loan here : https://onlineloanappl.sidbi.in/OnlineApplication/
Feedback/Contact us at :- kochi@sidbi.in
Follow us: @SIDBIOfficial

25th June 2024, Kalamassery
Regn. No. KERBIL/2005/23143

KSSIA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.